**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2945** **12-07-2022 - ൽ മറുപടിയ്ക്ക്**

**ഗുരുവായൂർ പുത്തൻകടപ്പുറം ഫിഷ്‌ലാന്റിംഗ് സെന്റർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ.കെ. അക്ബർ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | ഗുരുവായൂർ മണ്ഡലത്തിലെ പുത്തൻകടപ്പുറം ഫിഷ്‌ലാന്റിംഗ് സെന്ററിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | ചാവക്കാട് പുത്തൻകടപ്പുറം ഫിഷ്‌ലാന്റിംഗ് സെന്റർ നിർമ്മാണം പൂർത്തീകരിച്ച് തുടർനടത്തിപ്പിനും പരിപാലനത്തിനുമായി 30/01/2015 -ന് ചാവക്കാട് മുനിസിപ്പാലിറ്റിക്ക് കൈമാറിയിരുന്നു. പ്രകൃതിക്ഷോഭത്താലും നിരന്തരം കടൽ കയറുന്നതിനാലും നിലവിൽ ഉപയോഗശൂന്യമാണ്. ടി കെട്ടിടം കടലിലേക്ക് ചരിഞ്ഞാണ് നിൽക്കുന്നത്. കെട്ടിടത്തിന്റെ മുൻവശം ഭാഗികമായി തകരുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പുത്തൻകടപ്പുറം ഫിഷ്‌ലാന്റിംഗ് സെന്ററിലെ യൂട്ടിലിറ്റി സെന്റർ വർഷങ്ങൾക്ക് മുൻപ് തകർന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ചാവക്കാട് പുത്തൻകടപ്പുറം ഫിഷ്‌ലാന്റിംഗ് സെന്റർ നിർമ്മാണം പൂർത്തീകരിച്ച് തുടർനടത്തിപ്പിനും പരിപാലനത്തിനുമായി 30/01/2015 -ന് ചാവക്കാട് മുനിസിപ്പാലിറ്റിക്ക് കൈമാറിയിരുന്നു. പ്രകൃതിക്ഷോഭത്താലും നിരന്തരം കടൽ കയറുന്നതിനാലും നിലവിൽ ഉപയോഗശൂന്യമാണ്. ടി കെട്ടിടം കടലിലേക്ക് ചരിഞ്ഞാണ് നിൽക്കുന്നത്. കെട്ടിടത്തിന്റെ മുൻവശം ഭാഗികമായി തകരുകയും ചെയ്തിട്ടുണ്ട്. |
| (സി) | പ്രസ്തുത യൂട്ടിലിറ്റി സെന്ററിന്റെ കോൺക്രീറ്റ് അവശിഷ്ടങ്ങൾ കടൽക്കരയിൽ നിന്നും മാറ്റുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (സി) | യൂട്ടിലിറ്റി സെന്ററിന്റെ കോൺക്രീറ്റ് അവശിഷ്ടങ്ങൾ നീക്കം ചെയ്യുന്നത് സംബന്ധിച്ച് മുൻസിപ്പാലിറ്റിയാണ് നടപടികൾ സ്വീകരിക്കേണ്ടത്. |
| (ഡി) | പുത്തൻകടപ്പുറം ഫിഷ്‌ലാന്റിംഗ് സെന്ററിനെ മിനി ഹാർബറായി ഉയർത്തുന്നതിനുള്ള നിർദ്ദേശത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ഡി) | പുത്തൻകടപ്പുറം ഫിഷ്‌ലാന്റിംഗ് സെന്ററിനെ മിനി ഹാർബറായി ഉയർത്തുന്നത് ഇപ്പോൾ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ